**കേരള സർക്കാർ**

# കേരള സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം

# മാന്വൽ

**പൊതുവിദ്യാഭ്യാസ വകുപ്പ്**

## ആമുഖം

വിഭിന്നശേഷികളുള്ള വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള വിദ്യാഭ്യാസനയത്തിന് അനുഗുണമായാണ് വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സ്കൂൾ കലോത്സവം നടത്തി വരുന്നത്. തങ്ങളുടെ നൈസർഗ്ഗിക വാസനകൾ പരിപോഷിപ്പിക്കാനും വിലയിരുത്താനും ഈ പരിപാടി വിദ്യാർത്ഥികളെ സഹായിക്കും. വിദ്യാർത്ഥികളുടെ കലാപരവും സാഹിത്യപരവുമായ വാസനകളുടെ പ്രകടനവേദി എന്നതിനപ്പുറം ഈ മേഖലയിലെ വിദ്യാർത്ഥി പ്രതിഭകളുടെ സംഗമവേദി എന്ന നിലയിലാണ് സ്പെഷ്യൽ സ്കൂൾ കലോത്സവം വിലയിരുത്തപ്പെടേണ്ടത്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും നിരന്തര ശ്രദ്ധയും പ്രോത്സാഹനവും സവിശേഷ പരിശ്രമങ്ങളും ഈ രംഗത്തുണ്ടാവണം. മത്സരങ്ങളിൽ ഉയർന്ന സ്ഥാനമോ സമ്മാനങ്ങളോ നേടുന്നതിലുപരി വിവിധ ആശയങ്ങളുടെയും അനുഭവങ്ങളുടെയും കൈമാറ്റത്തിനും തങ്ങളുടെ ശാരീരികവും മാനസികവുമായ വെല്ലുവിളികളെ മറികടക്കാനുമുള്ള സന്തോഷകരമായ അവസരമായി വിദ്യാർത്ഥികൾ ഈ കലോത്സവത്തെ കാണേണ്ടതാണ്.

1995–96 ലാണ് സ്പെഷ്യൽ സ്കൂൾ കലോത്സവം സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് ആരംഭിക്കുന്നത്. 2005–06ൽ പ്രസിദ്ധീകരിച്ച സ്പെഷ്യൽ സ്കൂൾ കലോത്സവ മാന്വൽ 2009–10 ൽ പരിഷ്കരിച്ചിരുന്നു. ഇപ്പോൾ കാലാനുസൃതമായ ചില പരിഷ്കാരങ്ങൾ കൂടി മാന്വലിൽ വരുത്തുകയാണ്. ഈ മേഖലയിലെ വിദഗ്ധർ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവരുടെ ഭാഗത്ത് നിന്നും നിരന്തരമായി ഉണ്ടായിട്ടുള്ള അഭ്യർത്ഥനകളും നിർദേശങ്ങളും കണക്കിലെടുത്താണ് മാന്വലിൽ പരിഷ്കാരങ്ങൾ വരുത്തിയിട്ടുള്ളത്.

അവശ്യം വേണ്ട മാറ്റങ്ങളോടെ പ്രസിദ്ധീകരിക്കുന്ന ഈ മാന്വൽ കേരള സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിന്റെ നടത്തിപ്പിന് കൂടുതൽ സഹായകമാകും എന്ന് പ്രത്യാശിക്കുന്നു.

തിരുവനന്തപുരം
20.7.2018

**കെ വി മോഹൻകുമാർ ഐ എ എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

# കേരള സംസ്ഥാന സ്പെഷ്യൽ സ്കൂൾ
# കലോത്സവം

## 1. ലക്ഷ്യം

1.1 സംസ്ഥാനത്തെ വിഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ കലാ - സാഹിത്യ അഭിരുചികളും കഴിവുകളും പ്രകടിപ്പിക്കുന്നതിന് വേദി ഒരുക്കുക

1.2 കലാ - സാഹിത്യ മേഖലകളിൽ ഉയർന്നു വരുന്ന പ്രതിഭകളെ തിരിച്ചറിഞ്ഞ് അർഹമായ പ്രോത്സാഹനം നൽകുക.

## 2. പൊതു നിർദേശങ്ങൾ

2.1 കേരള സംസ്ഥാനത്തെ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള ഗവൺമെന്റ്, എയ്ഡഡ്, ഗവൺമെന്റ് അംഗീകൃത അൺ എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളിലേയും പി ഡബ്ല്യു ഡി ആക്ട് പ്രകാരം രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്പെഷ്യൽ സ്കൂളിലേയും ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലേത് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്കും സംയോജിത വിദ്യാഭ്യാസ പദ്ധതിപ്രകാരം ജനറൽ സ്കൂളുകളിൽ പഠിക്കുന്ന ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലേത് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്കും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാവുന്നതാണ്.

2.2 Hearing Impaired (HI), Visually Impaired (VI), Mentally Challenged (MC) എന്നീ വിഭാഗങ്ങളിലാണ് കലോത്സവ മത്സരങ്ങൾ നടത്തുക.

2.3 Hearing Impaired (HI), Visually Impaired (VI), എന്നീ വിഭാഗങ്ങളിൽ സ്കൂൾ തലത്തിൽ മത്സരങ്ങൾ നടത്തി എ ഗ്രേഡുമായി ഉയർന്ന സ്കോർ നേടുന്നവരെ ഒരു വിദ്യാലയത്തിൽ നിന്നും ഓരോ വിഭാഗങ്ങളിലും അനുവദിച്ചിരിക്കുന്ന പ്രകാരം വ്യക്തിഗത ഇനങ്ങളിൽ ഒരാൾ വീതവും ഗ്രൂപ്പിനങ്ങളിൽ ഓരോ ഗ്രൂപ്പിനെയും സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്.

2.4 Mentally Challenged (MC) വിഭാഗത്തിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കുട്ടികളുടെ ജില്ലാതല സ്ക്രീനിംഗ് നടത്തി മത്സരാർത്ഥികളുടെ ലിസ്റ്റ് തയ്യാറാകേണ്ടതാണ്. സ്ക്രീനിംഗ് നടത്തുന്നതിന് സ്പെഷ്യൽ സ്കൂൾ പ്രഥമദ്ധ്യാപകരെ കൂടി ഉൾപ്പെടുത്തി ജില്ലാതല സംഘാടകസമിതി രൂപീകരിക്കേണ്ടതാണ്.

2.5 സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം മത്സരത്തിന് പങ്കെടുക്കുന്നുവർ ജനറൽ സ്കൂളിലെ കുട്ടികൾക്ക് വേണ്ടിയുള്ള കേരള സ്കൂൾ കലോത്സത്തിൽ പങ്കെടുത്തില്ല/പങ്കെടുക്കുകയില്ല എന്ന വിദ്യാഭ്യാസ ഉപഡയറക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് / സമ്മതപത്രം ഹാജരാക്കേണ്ടതാണ്. ഇപ്രകാരം പങ്കെടുക്കേണ്ട കുട്ടികളെ റവന്യൂ ജില്ലാ ടീമായി പരിഗണിച്ച് അവരുടെ എണ്ണം അതാത് വിഭാഗത്തിന് അനുവദിച്ച വിധം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ പരിമിതപെടുത്തേണ്ടതാണ്.

2.6 സ്കൂൾതല മത്സരങ്ങളും ജില്ലാതല സ്ക്രീനിംഗും ഒക്ടോബർ 10 ന് മുമ്പായി പൂർത്തിയാക്കേണ്ടതാണ്.

2.7 വിദ്യാഭ്യാസ വകുപ്പ് നിശ്ചയിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് സംസ്ഥാനതല മത്സരങ്ങൾക്കുള്ള എൻട്രികൾ സമർപ്പിക്കേണ്ടത്.

2.8 ഒരു വിദ്യാർത്ഥിക്ക് വ്യക്തിഗത ഇനങ്ങളിൽ പരമാവധി 3 ഇനങ്ങളിലും കൂടാതെ ഗ്രൂപ്പിനങ്ങളിലും മത്സരിക്കാവുന്നതാണ്.

2.9 ഏതെങ്കിലും ഇനത്തിൽ ഒരാൾ മാത്രം പങ്കെടുത്താലും ആയിനം മൂല്യനിർണ്ണയം നടത്തി ഗ്രേഡും സമ്മാനവും നൽകുന്നതാണ്.

2.10 എസ്കോർട്ടിംഗ് സ്റ്റാഫായി അതത് വിദ്യാലയങ്ങളിലെ അധ്യാപകരെയും സ്റ്റാഫംഗങ്ങളെയും മാത്രമേ അനുവദിക്കുകയുള്ളൂ. ടീമിലുള്ള ആകെ അംഗങ്ങളുടെ എണ്ണം ടീം മാനേജർമാർ മുൻകൂട്ടി സംഘാടകസമിതിയെ അറിയിക്കേണ്ടതാണ്.

2.11 അനുവദനീയമായ എസ്കോർട്ടിംഗ് സ്റ്റാഫിന്റെ എണ്ണം:

Hearing Impaired (HI) എന്ന വിഭാഗത്തിൽ 5 കുട്ടികൾക്ക് 1 സ്റ്റാഫ്

Visually Impaired (VI) എന്ന വിഭാഗത്തിൽ 3 കുട്ടികൾക്ക് 1 സ്റ്റാഫ്

Mentally Challenged (MC) എന്ന വിഭാഗത്തിൽ 3 കുട്ടികൾക്ക് 1 സ്റ്റാഫ് എന്ന ക്രമത്തിലാണ്.

2.12 പെൺകുട്ടികളോടൊപ്പം ആനുപാതികമായ എണ്ണം അദ്ധ്യാപികമാരും ഉണ്ടാകണം.

2.13 ബധിര വിദ്യാലയങ്ങളിലെ 1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ബാലകലോത്സവം സ്കൂൾ/ജില്ലാതലങ്ങളിൽ നടത്തി സമ്മാനങ്ങൾ നൽകേണ്ടതാണ്.

## 3. സാംസ്കാരിക ദൃശ്യവിസ്മയം

സാംസ്കാരിക ഘോഷയാത്ര ഒഴിവാക്കി, പകരം കേരള സ്കൂൾ കലോത്സവത്തിലുള്ളത് പോലെ സ്പെഷ്യൽ സ്കൂളുകളുടെ ആഭിമുഖ്യത്തിൽ സാസ്കാരിക ദൃശ്യവിസ്മയം സംഘടിപ്പിക്കുന്നതാണ്. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സ്കൂളുകൾക്ക് സമ്മാനങ്ങൾ നൽകുന്നു.

## 4. വിധി നിർണ്ണയം

മത്സരങ്ങളെ എല്ലാ തലത്തിലും വിലയിരുത്താൻ യോഗ്യരും പരിചയസമ്പന്നരും ആയ വിധികർത്താക്കളെ നിയമിക്കണം.

a ഒരിനം വിലയിരുത്തുന്നതിന് 3 പേരെ നിയമിക്കേണ്ടതാണ്.

b മത്സരം തുടങ്ങുന്നതിന് മുമ്പ് വിധികർത്താക്കളുടെ യോഗ്യതയും, പ്രവർത്തന പരിചയവും സദസ്സിന് മുന്നിൽ പ്രഖ്യാപിക്കണം.

c മത്സരം കഴിഞ്ഞാലുടൻ പോയിന്റുകൾ ടാബുലേറ്റ് ചെയ്ത് വിധികർത്താക്കളുടെ സാന്നിദ്ധ്യത്തിൽ ഫലപ്രഖ്യാപനം നടത്തണം.

d മത്സരത്തിനുള്ള വിധികർത്താക്കളെ നിയമിക്കുന്നത് പൊതു വിദ്യാഭ്യാസ ഡയറക്ടറായിരിക്കും.

e മാന്വലിൽ നൽകിയിരിക്കുന്ന മൂല്യനിർണ്ണയോപാധികൾ അടിസ്ഥാനമാക്കിയാണ് വിധി നിർണയം നടത്തേണ്ടത്.

f വിധികർത്താക്കളുടെ രൂപീകരണവും നിയമനവും സം ന്ധിച്ച കാ ,ങ്ങളിൽ രഹസ്യസ്വഭാവം കർശനമായി സൂക്ഷിക്കേണ്ടതാണ്.

g. വിധികർത്താക്കളെ നിയമിക്കുമ്പോൾ അവരുടെ ബയോഡേറ്റയും താഴെപറയുന്ന രീതിയിൽ ഒരു ഡിക്ലറേഷനും എഴുതി വാങ്ങണം.

എന്റെ മക്കളോ ബന്ധുക്കളോ ശിക്ഷ്യന്മാരോ/ശിഷ്യരോ ഉൾപ്പെടെ ഞാനുമായി ബന്ധപ്പെട്ട ആരും തന്നെ ഞാൻ വിധി നിർണയം നടത്തുന്ന മത്സരയിനത്തിൽ പങ്കെടുക്കുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ഒപ് :

തീയതി : പേര് :

**5. ഗ്രേഡ്/പോയിന്റ് നിശ്ചയിക്കുന്ന രീതി**

1. മത്സരത്തിൽ അൻപതു ശതമാനത്തിൽ താഴെ മാർക്കു ലഭിക്കുന്ന ഇനങ്ങളെ ഗ്രേഡ് ചെയ്യുന്നതല്ല.

2. അൻപതോ അതിലധികമോ ശതമാനം മാർക്കുകിട്ടുന്ന ഇനങ്ങളെ എ, ബി, സി എന്നീ മൂന്നുഗ്രേഡുകളായി തിരിക്കുന്നതാണ്. ഗ്രേഡ്, പോയിന്റ് എന്നിവ താഴെക്കാണുന്ന വിധം നിശ്ചയിക്കപ്പെടും.

| മാർക്ക് ശതമാനം | ലഭിക്കുന്ന ഗ്രേഡ് | പോയിന്റ് |
|---|---|---|
| 70% മോ അതിലധികമോ | എ | 5 |
| 60% മുതൽ 69% വരെ | ബി | 3 |
| 50% മുതൽ 59% വരെ | സി | 1 |

3. മികച്ച സ്കൂളിനെ നിശ്ചയിക്കുന്നത് പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങൾക്ക് ലഭിച്ച ആകെ പോയിന്റുകളുടെ അടിസ്ഥാനത്തിൽ ആയിരിക്കും.

4. സാംസ്കാരിക ദൃശ്യവിസ്മയത്തിലെ സമ്മാനങ്ങൾക്ക് പോയിന്റുകൾ ഉണ്ടായിരിക്കുന്നതല്ല.

## 6. സാംസ്കാരിക സ്കോളർഷിപ്പ്

1. എ ഗ്രേഡ് നേടുന്ന എല്ലാ മത്സരാർത്ഥികൾക്കും കേരള സ്കൂൾ കലോത്സവ മാതൃകയിൽ ഒറ്റത്തവണ സാംസ്കാരിക സ്കോളർഷിപ്പ് നൽകുന്നതാണ്.

2. മത്സരത്തിൽ പങ്കെടുത്തു ഗ്രേഡ് ലഭിക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

3. 8, 9 സ്റ്റാൻഡേർഡുകളിൽ സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് ലഭിച്ചിട്ടുള്ളവർ തുടർന്നുള്ള ക്ലാസ്സിൽ/ക്ലാസ്സുകളിൽ പഠിക്കുമ്പോൾ സംസ്ഥാന തല മത്സരത്തിൽ അതേ ഇനത്തിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ മാത്രമേ ഗ്രേസ് മാർക്കിന് അർഹതയുള്ളു.

## 7. പാർട്ടിസിപേഷൻ അലവൻസ്

കലോത്സവത്തിൽ പങ്കെടുക്കുന്ന സ്കൂളുകൾക്ക് അതാതു സമയം നിശ്ചയിക്കുന്ന പാർട്ടിസിപേഷൻ അലവൻസ് നൽകുന്നതാണ്. എന്നാൽ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങൾക്ക് പ്രത്യേകമായി പാർട്ടിസിപേഷൻ അലവൻസ് നൽകുന്നതല്ല.

## 8. അപ്പീൽ കമ്മിറ്റി

സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവ മത്സരങ്ങളുടെ വിധി നിർണ്ണയത്തിനെതിരെയുള്ള പരാതി കേൾക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനും, ജനറൽ കൺവീനർ ചെയർമാനായ അപ്പീൽ കമ്മിറ്റി ഓരോ വർഷവും സംസ്ഥാന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തോടെ നിയമിക്കുന്നതാണ്. അപ്പീൽ കമ്മിറ്റിയുടെ ഘടന താഴെ കൊടുക്കുന്നു.

1. ജനറൽ കൺവീനർ (ചെയർമാൻ)
2. നൃത്തകലാ വിദഗ്ധൻ (അംഗം)
3. ചിത്രകലാ വിദഗ്ധൻ (അംഗം)
4. അഭിനയകലാ വിദഗ്ധൻ (അംഗം)
5. ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിലെ ജോയിന്റ് ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ. (അംഗങ്ങൾ)

## 9. അപ്പീൽ കമ്മിറ്റിയുടെ ചുമതലയും അധികാരങ്ങളും

1. കലോത്സവ മത്സരങ്ങളുടെ വിധിനിർണയത്തിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് കേൾക്കുകയും തീർപ്പുകൽപ്പിക്കുകയും ചെയ്യുക.
2. അപ്പീൽ കമ്മിറ്റിയിൽ സാങ്കേതികവും നിയമപരവുമായ കാര്യങ്ങളാണ് പരിഗണിക്കേണ്ടത്. പുനരവതരണവും പുനർമൂല്യ നിർണ്ണയവും നടത്തേണ്ടതില്ല.
3. ഫലപ്രഖ്യാപനം നടന്ന് ഒരു മണിക്കൂറിനുള്ളിൽ നിശ്ചിത ഫോറത്തിൽ ടീം മാനേജർ/എസ്കോർട്ടിംഗ് ടീച്ചർ അപ്പീൽ ജനറൽ കൺവീനർക്ക് സമർപ്പിക്കേണ്ടതാണ്.
4. 300 രൂപയാണ് അപ്പീൽ ഫീസ്.

5. അപ്പീലുകളിൽ കലോത്സവം കഴിയുന്നതിനുമുമ്പ് തീരുമാനം എടുക്കേണ്ടതാണ്.

6. അപ്പലേറ്റ് ഫോറത്തിന്റെ വിധി അന്തിമമായിരിക്കും.

7. അപ്പലേറ്റ് ഫോറത്തിന്റെ ചെയർമാനായിരിക്കും യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുന്നത്.

## 10. സംഘാടക സമിതി

| | | |
|---|---|---|
| മുഖ്യരക്ഷാധികാരികൾ | : | ഗവർണർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി, ജില്ലയിൽ നിന്നുള്ള മന്ത്രിമാർ |
| രക്ഷാധികാരികൾ | : | ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, മേയർ/മുനിസിപ്പൽ ചെയർമാൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, പൊതുവിദ്യാഭ്യാസ സെക്രട്ടറി, ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്. |
| ചെയർമാൻ | : | സ്കൂൾ കലോത്സവം നടക്കുന്ന സ്ഥലത്തെ എം.എൽ.എ |
| വൈസ് ചെയർമാൻ | : | സ്കൂൾ കലോത്സവം നടക്കുന്ന സ്ഥലത്തെ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ/മുൻസിപ്പൽ വൈസ് ചെയർമാൻ/ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ. |
| ജനറൽ കോർഡിനേറ്റർ | : | പൊതുവിദ്യാഭ്യാസ ഡയറക്ടർ |
| കോർഡിനേറ്റർമാർ | : | ഹയർസെക്കണ്ടറി ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടർ |
| ജനറൽ കൺവീനർ | : | അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (അക്കാദമിക്) |
| കൺവീനർമാർ | : | മത്സരം നടക്കുന്ന റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടർ, ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടിഡയറക്ടർ, വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ, ഡയറ്റ് പ്രിൻസിപ്പൽ, ഡി.പി.ഒ (എസ്.എസ്.എ) |
| ട്രഷറർ | : | അക്കൗണ്ട്സ് ആഫീസർ (പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്) |
| ജോയിന്റ് ജനറൽ കൺവീനർമാർ | : | മത്സരം നടക്കുന്ന റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്), വിദ്യാഭ്യാസ ഉപഡയറക്ടർ (ഐ.ഇ.ഡി.സി) |
| മെമ്പർമാർ | : | എല്ലാ സബ്കമ്മിറ്റിയുടെയും ചെയർമാൻമാർ, ജനപ്രതിനിധികൾ, സാംസ്കാരിക സാമൂഹിക നായകൻമാർ, കൺവീനർമാർ, അംഗീകൃത അധ്യാപക സംഘടനാ പ്രതിനിധികൾ, സ്കൂൾ പാർലമെന്റ് ഭാരവാഹികൾ, ജില്ലയിലെ വിവിധ വകുപ്പുതലവൻമാർ, കലോത്സവം നടക്കുന്ന സ്കൂളിലെ പി.ടി.എ പ്രസിഡന്റ്, മദർ പി.ടി.എ പ്രസിഡന്റ്, എസ്.എം.സി ചെയർമാൻ. |

സംസ്ഥാന കലോത്സവത്തിന്റെ പൂർണമായ ഉത്തരവാദിത്വം വഹിക്കുന്നതു സംഘാടക സമിതിയാണ്. കലോത്സവ നടത്തിപ്പിനായി ബഡ്ജറ്റ് തയ്യാറാക്കുന്നതും വിവിധ കമ്മിറ്റികൾക്കാവശ്യമായ തുക അനുവദിക്കുന്നതും ഈ സമിതിയാണ്. കലോത്സവം കഴിഞ്ഞതിനു ശേഷം തയ്യാറാക്കുന്ന വരവുചെലവു കണക്കുകളും, ഓഡിറ്റ് റിപ്പോർട്ടും ചർച്ച ചെയ്ത് അംഗീകരിച്ച് വിദ്യാഭ്യാസ ഡയറക്ടർക്ക് ഒരു മാസത്തിനകം സമർപ്പിക്കേണ്ടത് ഈ സമിതിയുടെ ചുമതലയാണ്. വിവിധ കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതും കാര്യക്ഷമമാക്കുന്നതും ഈ കമ്മിറ്റിയുടെ മുഖ്യ കർത്തവ്യമാണ്.

**(നോട്ട്: എല്ലാ സബ് കമ്മിറ്റികളിലും സ്പെഷ്യൽ സ്കൂളുകളുടെ ഓരോ അധ്യാപക പ്രതിനിധി എങ്കിലും ഉണ്ടായിരിക്കണം.)**

## 11. സബ്കമ്മിറ്റികളും ചുമതലകളും

### (എ) സബ്കമ്മിറ്റികൾ

1. സ്വീകരണ കമ്മിറ്റി
2. ഭക്ഷ്യകാര്യ കമ്മിറ്റി
3. പ്രചാരണ കമ്മിറ്റി
4. പ്രോഗ്രാം കമ്മിറ്റി
5. നിയമപാലന കമ്മിറ്റി
6. വെൽഫെയർ കമ്മിറ്റി
7. രജിസ്ട്രേഷൻ & അക്കോമഡേഷൻ കമ്മിറ്റി
8. ട്രോഫി കമ്മിറ്റി
9. പന്തൽ, എഞ്ചിനീയറിംഗ് & ഡെക്കറേഷൻ കമ്മിറ്റി
10. സാംസ്കാരിക ദൃശ്യവിസ്മയ കമ്മിറ്റി
11. ട്രാൻസ്പോർട്ട് കമ്മിറ്റി
12. ധനകാര്യ കമ്മിറ്റി
13. സുവനീർ കമ്മിറ്റി/സ്പെഷ്യൽ സ്കൂൾ കലോത്സവരേഖ കമ്മിറ്റി
14. ഗ്രീൻ പ്രോട്ടോകോൾ കമ്മിറ്റി

### (ബി) ചുമതലകൾ

### 1. സ്വീകരണ കമ്മിറ്റി

കലോത്സവത്തിന്റെ ഉദ്ഘാടനം, സമാപനം തുടങ്ങിയ പ്രധാന ചടങ്ങുകളിലേക്ക് അതിഥികളെ ക്ഷണിക്കുക.

ചടങ്ങുകൾ ഭംഗിയായി നടത്തുക, ക്ഷണിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുക, ക്ഷണക്കത്തുകൾ അച്ചടിച്ച് വിതരണം ചെയ്യുക, അതിഥികളേയും വിധികർത്താക്കളേയും സ്വീകരിക്കുക, വിവിധ സ്കൂളുകളിൽ നിന്നും വരുന്ന സംഘങ്ങളെ സ്വീകരിക്കുക.

## 2. ഭക്ഷണകാര്യ കമ്മിറ്റി

മത്സരങ്ങളിൽ പങ്കെടുക്കാനായി വരുന്ന വിദ്യാർത്ഥികൾ, അവരെ അനുഗമിക്കുന്ന അധ്യാപകർ, പ്രധാന അതിഥികൾ, വിധികർത്താക്കൾ, ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ, സന്നദ്ധസേവകർ, സംഘാടകർ തുടങ്ങിയവർക്ക് ആവശ്യമായ ഭക്ഷണം തയ്യാറാക്കി യഥാസമയം നൽകുക.

## 3. പ്രചാരണ കമ്മിറ്റി

കലോത്സവം സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും അർഹമായ പ്രചാരണം നൽകുകയാണ് ഈ കമ്മിറ്റിയുടെ ജോലി. വർത്തമാനപത്രങ്ങൾ, ദൃശ്യമാധ്യമങ്ങൾ, ആൾ ഇന്ത്യാ റേഡിയോ തുടങ്ങിയ ബഹുജനമാധ്യമ ഏജൻസികളെ സമീപിച്ചും പത്രസമ്മേളനവും മറ്റും നടത്തിയും ഇതു നിർവ്വഹിക്കാം. വാർത്താമാധ്യമങ്ങൾക്ക് മത്സരഫലങ്ങളും പ്രസിദ്ധീകരണത്തിനുള്ള ചിത്രങ്ങളും യഥാസമയം ലഭ്യമാക്കുകയും വേണം. പ്രോഗ്രാം കമ്മിറ്റിയിൽ നിന്നും മത്സരഫലങ്ങൾ അതതു സമയത്തുവാങ്ങി കമ്മിറ്റി പത്രമാധ്യമങ്ങൾക്കു വിതരണം ചെയ്യേണ്ടതാണ്. കമാനങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ, ബോർഡുകൾ മുതലായവ തയ്യാറാക്കി യഥാസ്ഥാനങ്ങളിൽ സ്ഥാപിക്കേണ്ടതാണ്.

## 4. പ്രോഗ്രാം കമ്മിറ്റി

കലോത്സവമത്സരങ്ങൾ നടത്തി, മൂല്യനിർണ്ണയത്തിന് വിധേയമാക്കി ഫലപ്രാപ്തിയിലെത്തിക്കുക എന്ന ഉത്തരവാദിത്വമേറിയ ജോലിയാണ് ഈ കമ്മിറ്റിക്ക് നിർവഹിക്കാനുള്ളത്. കലോത്സവം നടക്കുന്നതിനു മുമ്പായി താഴെ പറയുന്നവ പ്രോഗ്രാം കമ്മിറ്റി തയ്യാറാക്കണം.

1. സ്കൂളുകളിൽ നിന്നും ലഭിക്കുന്ന ലിസ്റ്റുകൾ പരിശോധിച്ച് തെറ്റുകളോ, കുറവുകളോ ഉണ്ടെങ്കിൽ പരിഹരിക്കുക.
2. മത്സരിക്കുന്നവരുടെ പൂർണ്ണമായ ലിസ്റ്റ്.
3. ഓരോ ഇനത്തിലും മത്സരിക്കുന്നവരുടെ ലിസ്റ്റ് (ആൺകുട്ടികളുടേയും, പെൺകുട്ടികളുടേയും വേവ്വേറെ).
4. ഓരോ മത്സരത്തിനും ആവശ്യമായ സ്കോർ ഷീറ്റുകളും മത്സരഫലങ്ങൾ രേഖപ്പെടുത്താനുള്ള കൺസോളിഡേറ്റഡ് ഷീറ്റുകളും.
5. മത്സരങ്ങൾ നടത്തുന്നതിനുള്ള വിശദമായ കാര്യപരിപാടി.
6. മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന പത്രിക.
7. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് നൽകുവാനുള്ള കോഡ് നമ്പരുകൾ.
8. രാത്രി വൈകാതെ മത്സരങ്ങൾ തീരും വിധം യഥാർത്ഥ അവതരണ ക്രമീകരണ സമയം പരിഗണിച്ച് തയ്യാറാക്കിയ കൃത്യമായ സമയക്രമം.

പ്രോഗ്രാമിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുവാൻ ആളുകളെ ചുമതലപ്പെടുത്തണം.

1. മത്സരിക്കുന്നവർക്ക് കോഡ് നമ്പർ തയ്യാറാക്കുകയും യഥാസമയം നൽകുകയും ചെയ്യുക.
2. വിവിധ വേദികളിൽ അറിയിപ്പുകൾ നൽകുക.
3. ഓരോ മത്സരത്തിന്റേയും സമയം കൃത്യമായി പാലിക്കുക
4. വിധികർത്താക്കൾക്ക് മത്സരങ്ങൾ വിലയിരുത്തുന്നതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യുവാൻ സൗകര്യം ഉണ്ടാക്കി കൊടുക്കുക, അവരുടെ ഭക്ഷണം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കുക.
5. വിധികർത്താക്കൾക്ക് സ്കോർ ഷീറ്റുകൾ യഥാസമയം നൽകുക.
6. സ്കോർ ബോർഡിൽ യഥാസമയം പോയിന്റുകൾ രേഖപ്പെടുത്തുക
7. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരുടേയും ഗ്രേഡ് നേടിയവരുടേയും ലിസ്റ്റ് തയ്യാറാക്കുക.

8. സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി വിതരണം ചെയ്യുക.
9. ചാമ്പ്യൻഷിപ്പ് നേടുന്നവരുടെ ലിസ്റ്റ് ഉൾപ്പെടെ സമ്മാനവിതരണത്തിനാവശ്യമായ വിവരങ്ങൾ ട്രോഫികമ്മിറ്റിക്ക് കൈമാറുക.

## 5. നിയമപാലന കമ്മിറ്റി

കലോത്സവം നടക്കുന്ന സ്ഥലത്ത് അച്ചടക്കവും ചിട്ടയും ഉറപ്പു വരുത്തുക എന്നതാണ് കമ്മിറ്റിയുടെ മുഖ്യകർത്തവ്യം. സ്ഥലത്തുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ, എൻ.സി.സി, സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, എസ്.പി.സി, ജെ.ആർ.സി എന്നിവയുടെയും പ്രാദേശികമായി ലഭിക്കുന്ന സന്നദ്ധസംഘടനകളുടെയും അധ്യാപകരുടെയും പൗരമുഖ്യൻമാരുടെയും സഹായ സഹകരണങ്ങൾ കമ്മിറ്റി തേടേണ്ടതാണ്. കലോത്സവം തീരുന്നതുവരെ പോലീസിന്റെ സേവനം നിർബന്ധമായും ഉറപ്പുവരുത്തണം. അക്കോമഡേഷൻ സെന്ററുകളിലും വനിതാ പോലീസ് ഉൾപ്പെടെയുള്ള പോലീസ് സേനയുടെ സാന്നിദ്ധ്യം ഉറപ്പാക്കണം.

## 6. വെൽഫെയർ കമ്മിറ്റി

കലോത്സവത്തിൽ പങ്കെടുക്കുന്നവരുടെയും ഔദ്യോഗിക ഭാരവാഹികളുടെയും ക്ഷേമവും ആരോഗ്യപരിപാലനവുമാണ് ഈ കമ്മിറ്റിയുടെ ചുമതലകൾ. പൊതുജനാരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ഏതുസമയവും വൈദ്യസഹായവും പ്രഥമശുശ്രൂഷയും കിട്ടുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യണം. കുട്ടികളുടെ താമസസ്ഥലത്തും മത്സരങ്ങൾ നടക്കുന്ന സ്ഥലത്തും കുടിവെള്ളം ലഭ്യമാക്കണം, ശുചീകരണ പ്രവർത്തനങ്ങൾ നടത്തണം. ഭക്ഷണശാലയിൽ ശുചീകരണത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്യണം. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ഗ്രാമപഞ്ചായത്ത് സഹകരണം തേടാവുന്നതാണ്. ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമായും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം. ഫയർഫോഴ്സിന്റെ സേവനം ഉറപ്പാക്കണം. കലോത്സവവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലും ഭക്ഷണപ്പുരയുടെ സമീപത്തും കൺവീനർ നിർദ്ദേശിക്കുന്ന പ്രകാരം ശുചിമുറികൾ സജ്ജീകരിക്കണം. ശുചിമുറിയിലും, പാചകപ്പുരയിലും ജലലഭ്യത ഉറപ്പാക്കണം.

## 7. രജിസ്ട്രേഷൻ & അക്കോമഡേഷൻ കമ്മിറ്റി

1. വിവിധ സ്കൂളുകളിൽ നിന്നും വരുന്നവർക്ക് താമസസ്ഥലം നിശ്ചയിക്കുക. അവിടെ ആവശ്യമായ എല്ലാ സൗകര്യങ്ങളും വെള്ളം, വെളിച്ചം, കുളിമുറി, ശുചിമുറി തുടങ്ങിയവ ഏർപ്പെടുത്തുക.

2. വിധികർത്താകൾക്കും അതിഥികൾക്കും വകുപ്പുതല ഉദ്യോഗസ്ഥർക്കും ആവശ്യമായ താമസസൗകര്യങ്ങൾ മുൻകൂട്ടി നിശ്ചയിക്കുകയും ഏർപ്പെടുത്തുകയും ചെയ്യുക.

3. സ്കൂളുകളിൽ നിന്നും വരുന്ന സംഘങ്ങളെ രജിസ്റ്റർ ചെയ്യുകയും അവർക്ക് താമസ സ്ഥലം ഏതെന്ന് നിശ്ചയിക്കുകയും ചെയ്യുക.

4. അതാതു സമയം ആവശ്യമായ ഭക്ഷണ കൂപ്പണുകൾ ടീം മാനേജർക്ക്/ബന്ധപെട്ട വർക്ക് നൽകുക.

5. ബാഡ്ജുകളും രജിസ്ട്രേഷൻ കാർഡുകളും തയ്യാറാക്കി വിതരണം ചെയ്യുക. വിധികർത്താക്കൾക്ക് നൽകുന്ന ബാഡ്ജുകൾ മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമായിരിക്കണം. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ ഡയറക്ടറേറ്റുകൾ, റീജിയണൽ ഡയറക്ടറേറ്റുകൾ, കലോത്സവം നടക്കുന്ന ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും കലോത്സവ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്നവർക്ക് പ്രത്യേക ബാഡ്ജ് നൽകേണ്ടതാണ്.

8. **ട്രോഫി കമ്മിറ്റി**

1. മുൻകൊല്ലം വിതരണം ചെയ്ത ട്രോഫികൾ കാലേകൂട്ടി വിവിധ സ്കൂളുകളിൽ നിന്നും ശേഖരിക്കുക.
2. ട്രോഫികൾക്ക് കേടുപാടുകൾ പറ്റിയിട്ടുണ്ടെങ്കിൽ അവ നന്നാക്കുകയും പോളീഷ് ചെയ്ത് വൃത്തിയാക്കുകയും ചെയ്യുക.
3. പുതിയ ട്രോഫികൾ സ്വീകരിക്കുകയും അവയുടെ വിശദവിവരങ്ങൾ ട്രോഫി രജിസ്റ്ററിൽ എഴുതിച്ചേർക്കുകയും ചെയ്യുക.
4. പ്രോഗ്രാം കമ്മിറ്റി നൽകുന്ന സമ്മാന വിവരണപ്പട്ടികയനുസരിച്ച് ട്രോഫികൾ ക്രമത്തിൽ അടുക്കിവെയ്ക്കുകയും സമ്മാന വിതരണത്തിനു വിളംബം വരാതെ എടുത്തു കൊടുക്കുകയും ചെയ്യുക.
5. ട്രോഫി രജിസ്റ്റർ പൂർത്തിയാക്കി കലോത്സവം കഴിഞ്ഞയുടൻ തന്നെ ജനറൽ കൺവീനറെ ഏൽപ്പിക്കേണ്ടതാണ്.

9. **പന്തൽ, എഞ്ചിനീയറിംഗ് & ഡെക്കറേഷൻ കമ്മിറ്റി**

1. വിവിധ കമ്മിറ്റികൾ, ജനറൽ കൺവീനർ എന്നിവരുമായി ആലോചിച്ച് ആവശ്യമായ സ്റ്റേജുകൾ, ഗ്രീൻ റൂമുകൾ, കർട്ടൻ എന്നിവ ക്രമീകരിക്കുക. ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണത്തിനും പന്തലുകൾ സജ്ജീകരിക്കുക.
2. പന്തലുകൾ നിർമ്മിക്കുകയും മോടിപിടിപ്പിക്കുകയും ചെയ്യുക.
3. വേണ്ടരീതിയിൽ ഇരിപ്പിടങ്ങൾ ക്രമീകരിക്കുക. സ്ത്രീകൾക്കും കുട്ടികൾക്കും പുരുഷൻമാർക്കും സൗകര്യപ്രദമായ രീതിയിൽ ഇരിപ്പിടം ഒരുക്കണം. വിധികർത്താക്കളുടെ ഇരിപ്പിടങ്ങൾ പ്രത്യേകം വേർതിരിച്ച സ്ഥലത്തായിരിക്കണം. മാധ്യമ പ്രവർത്തകർക്കുള്ള ഇരിപ്പിടങ്ങളും പ്രത്യേകം സജ്ജീകരിച്ചു നൽകണം. പന്തലുകൾ ഇൻഷ്വർ ചെയ്യുക. പ്രധാനവേദിക്കരികിലായി അഗ്നിശമന സേനയ്ക്കു പന്തൽകെട്ടി നൽകേണ്ടതാണ്.
4. വേദികളുടെ ഉറപ്പിന് പൊതുമരാമത്തുവകുപ്പിൽ നിന്നു ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുക.
5. വേദികളിലേക്കും പന്തലിലേക്കും ആവശ്യമായ ഫർണിച്ചർ, ഫാൻ, മത്സരങ്ങൾക്കാവശ്യമായ വിളക്ക്, പറ മുതലായവ ലഭ്യമാക്കുക.
6. വേദികളിൽ ആവശ്യമായ ബാനറുകൾ, വേദിനമ്പരുകൾ എന്നിവ എഴുതി പ്രദർശിപ്പിക്കുക.
7. ഐറ്റി വിഭാഗത്തിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
8. പന്തൽ, വേദികൾ, സ്റ്റാളുകൾ, ഗ്രീൻ റൂം, താമസസ്ഥലങ്ങൾ, പാചകപ്പുര, ഇതിനോടനുബന്ധിച്ചുള്ള മറ്റു സ്ഥലങ്ങൾ, ഭക്ഷണപ്പുര, വിവിധ ഓഫീസുകൾ, മീഡിയാ സെന്ററുകൾ തുടങ്ങിയ സ്ഥലങ്ങളിൽ എല്ലാ സമയത്തും വെളിച്ചം ലഭിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുക.
9. ഫീഡ്ബാക്ക് സ്പീക്കറുകൾ സ്റ്റേജുകളിൽ സജ്ജീകരിക്കുക.
10. ജനറേറ്റർ സൗകര്യം ഉറപ്പാക്കുക.
11. വേദിയിലും, കലോത്സവഗ്രൗണ്ടിലും യാതൊരാക്ഷേപത്തിനും ഇടവരാത്തവിധമുള്ള സൗണ്ട്സിസ്റ്റം ക്രമീകരിക്കുക.
12. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ വാങ്ങുക.

10. **ധനകാര്യ കമ്മിറ്റി**

മറ്റംഗങ്ങളെ കൂടാതെ താഴെ പറയുന്നവർ ധനകാര്യ കമ്മറ്റിയിൽ സ്ഥിരം അംഗങ്ങളായിരിക്കും.

1. ജനറൽ കൺവീനർ
2. ട്രഷറർ
3. പരിപാടി നടക്കുന്ന ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടർ, ഹയർസെക്കന്ററി- വൊക്കേഷണൽ ഹയർസെക്കന്ററി, ജോയിന്റ് ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ.

ചുമതലകൾ

1. പണമായോ വിഭവങ്ങളായോ സംഭാവനകൾ സ്വീകരിക്കുകയും രസീതുകൾ നൽകുകയും ചെയ്യുക. രസീതുകൾ ജനറൽ കൺവീനർ/ട്രഷറർ ഒപ്പിട്ടിരിക്കണം.
2. സംഭാവനകൾ അതതു ദിവസം തന്നെ ട്രഷററെ ഏൽപ്പിക്കുക.
3. വിവിധ സബ് കമ്മിറ്റികൾ സമർപ്പിക്കുന്ന ബഡ്ജറ്റ് വിശദമായി ചർച്ച ചെയ്ത് ഫിനാൻസ് കമ്മിറ്റിയുടെ ശുപാർശയോടെ ട്രഷറർ പണമിടപാട് നടത്തുക.
4. മുൻകൂട്ടി കാണാൻ കഴിയാത്ത ചെലവുകൾക്ക് അടിയന്തിരമായി അംഗീകാരം നൽകുക.
5. കലോത്സവം കഴിഞ്ഞാൽ വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുക. വിവിധ സബ് കമ്മിറ്റികളുടെ കൺവീനർമാരും ട്രഷററും, ധനകാര്യ കമ്മിറ്റിയുടെ കൺവീനറും ചേർന്ന് വേണം ഇതു ചെയ്യുവാൻ.
6. ഓഡിറ്റ് ചെയ്ത കണക്കുകൾ സംഘാടക കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം നേടുക. കലോത്സവം കഴിഞ്ഞ് ഒരു മാസത്തിനകം കണക്കുകൾ സംഘാടക കമ്മിറ്റിയിൽ സമർപ്പിക്കണം.

## 11. ട്രാൻസ്പോർട്ട് കമ്മിറ്റി

സ്കൂളുകളിൽ നിന്നും വരുന്ന സംഘങ്ങൾക്കും വിധികർത്താക്കൾക്കും, അതിഥികൾക്കും ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തണം. സ്റ്റേറ്റ് ട്രാൻസ്പോർട്ട്, പ്രൈവറ്റ് ബസ് ഉടമകൾ, സ്കൂളുകൾ തുടങ്ങിയവരെ സമീപിച്ച് മത്സരസ്ഥലത്ത് ആവശ്യമായ വാഹനങ്ങൾ ക്രമീകരിക്കേണ്ടതാണ്. വിധികർത്താക്കൾക്ക് പ്രത്യേക വാഹനം ക്രമീകരിക്കണം. താമസസ്ഥലത്തേക്കും തിരിച്ചും ഉള്ള വാഹനസൗകര്യം പ്രത്യേകം ഒരുക്കണം. റെയിൽവേ സ്റ്റേഷനിലും, ബസ്സ്റ്റാൻഡിലും വന്നെത്തുന്ന സംഘങ്ങളെ സ്വീകരിക്കുകയും മത്സരം കഴിഞ്ഞ് തിരികെ എത്തിക്കുകയും ചെയ്യണം.

## 12. സാസ്കാരിക ദൃശ്യവിസ്മയ കമ്മിറ്റി

കലോത്സവം മോടിപിടിപ്പിക്കുന്നതിനും കലാമേള നടത്തുന്ന കേന്ദ്രത്തിൽ ഉത്സവ പ്രതീതി ജനിപ്പിക്കുന്നതിനും പൊതുജനങ്ങൾക്കു കലോത്സവത്തിനോടുള്ള താല്പര്യം വളർത്തുന്നതിനും ഉതകത്തക്കവിധം സാംസ്കാരിക ദൃശ്യ വിസ്മയം സംഘടിപ്പിക്കുക.

പങ്കെടുക്കുന്ന കുട്ടികൾക്കു ലഘുഭക്ഷണവും പാനീയവും കമ്മിറ്റി നൽകേണ്ടതാണ്.

## 13. സുവനീർ കമ്മിറ്റി (സ്പെഷ്യൽ സ്കൂൾ കലോത്സവ രേഖ)

1. കലോത്സവത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന കലോത്സവരേഖയ്ക്കാവശ്യമായ ലേഖനങ്ങൾ, ഫോട്ടോകൾ, പരസ്യങ്ങൾ തുടങ്ങിയവ സംഘാടക സമിതിയുടെ അനുമതിയോടെ ശേഖരിക്കുക.
2. കലോത്സവരേഖ ഭംഗിയായി രൂപകല്പന ചെയ്ത് അച്ചടിപ്പിച്ച് പ്രകാശനം ചെയ്യുക.
3. പരസ്യങ്ങൾ ജനറൽ കൺവീനറുടെ അംഗീകാരത്തോടുകൂടി മാത്രമേ ശേഖരിക്കാൻ പാടുള്ളൂ.

## 14. ഗ്രീൻ പ്രോട്ടോകോൾ കമ്മിറ്റി

ഈ കമ്മിറ്റിയുടെ ചെയർമാൻ, ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ആയിരിക്കും. കലോത്സവവേദികൾ ഹരിതാഭമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക. മത്സരാർത്ഥികൾക്കും കലാസ്വാദകർക്കും ഹരിതപെരുമാറ്റച്ചട്ടത്തെപ്പറ്റി അവബോധം നൽകി കലോത്സവ പരിസരങ്ങളെ മാലിന്യമുക്തമാക്കുക, പ്ലാസ്റ്റിക്കിന്റെ പ്രയോഗം ഒഴിവാക്കാൻ വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

# മത്സരവിഭാഗങ്ങളും നിർദ്ദേശങ്ങളും

# I. VISUALLY IMPAIRED (V.I)

1. ലളിതഗാനം, ശാസ്ത്രീയ സംഗീതം, മോണോ ആക്ട്, മാപ്പിളപ്പാട്ട് എന്നിവയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക മത്സരം ഉണ്ടായിരിക്കുന്നതാണ്. മറ്റെല്ലാ ഇനങ്ങളും പൊതുവായ മത്സരം ആയിരിക്കും.
2. 1 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികളെ ഒരു വിഭാഗമായും 8 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളെ രണ്ടാമത്തെ വിഭാഗമായും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികളെ മൂന്നാമത്തെ വിഭാഗമായും കണക്കാക്കി മത്സരം നടത്തുന്നതാണ്.
3. സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ജനറൽ സ്കൂളുകളിൽ പഠിക്കുന്ന 40% ത്തിനുമേൽ കാഴ്ചക്കുറവുള്ള ...കൾ, ...രണ സം...നതല ...ത്സവത്തിൽ പങ്കെടുത്തിട്ടില്ല/പങ്കെടുക്കുന്നില്ല എന്ന സർട്ടിഫിക്കറ്റും, മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കിയാൽ സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാവുന്നതാണ്.

4. **മത്സര ഇനങ്ങൾ**

## A. വ്യക്തിഗതം

### വിഭാഗം I

| | | | | |
|---|---|---|---|---|
| 1. | കഥാരചന | : മലയാളം ബ്രയിൽ | : | 2 മണിക്കൂർ |
| 2. | കഥാകഥനം | : മലയാളം | : | 5 മിനിറ്റ് |
| 3. | പ്രസംഗം | : മലയാളം | : | 5 മിനിറ്റ് |

### വിഭാഗം II

| | | | |
|---|---|---|---|
| 1. | ലളിതഗാനം (ആൺ) | : | 5 മിനിറ്റ് |
| 2. | ലളിതഗാനം (പെൺ) | : | 5 മിനിറ്റ് |
| 3. | മാപ്പിളപാട്ട് (ആൺ) | : | 5 മിനിറ്റ് |
| 4. | മാപ്പിളപാട്ട് (പെൺ) | : | 5 മിനിറ്റ് |

### വിഭാഗം III

| | | | |
|---|---|---|---|
| 1. | ശാസ്ത്രീയ സംഗീതം(ആൺ) | : | 10 മിനിറ്റ് |
| 2. | ശാസ്ത്രീയ സംഗീതം(പെൺ) | : | 10 മിനിറ്റ് |
| 3. | പദ്യംചൊല്ലൽ | : | 5 മിനിറ്റ് |

### വിഭാഗം IV

| | | | |
|---|---|---|---|
| 1. | കഥാപ്രസംഗം | : | 10 മിനിറ്റ് |
| 2. | ഉപകരണസംഗീതം | : | 10 മിനിറ്റ് |
| 3. | നാടോടി നൃത്തം (സിംഗിൾ) | : | 5 മിനിറ്റ് |

### വിഭാഗം V

| | | | |
|---|---|---|---|
| 1 | മിമിക്രി | : | 5 മിനിറ്റ് |
| 2. | മോണോ ആക്ട് (ആൺ) | : | 5 മിനിറ്റ് |
| 3. | മോണോ ആക്ട് (പെൺ) | : | 5 മിനിറ്റ് |

വ്യക്തിഗത ഇനങ്ങളിൽ ഓരോ വിഭാഗത്തിൽ നിന്നും പരമാവധി രണ്ടിനങ്ങൾ വീതം ആകെ എട്ടിനങ്ങളിൽ ഓരോ വിദ്യാലയത്തിൽ നിന്നും പങ്കെടുക്കാവുന്നതാണ്.

**B.** **ഗ്രൂപ്പിനങ്ങൾ**

| | | |
|---|---|---|
| 1. സംഘഗാനം | : | 10 മിനിറ്റ് |
| 2. ബാൻഡ് ഡിസ്‌പ്ലേ | : | 10 മിനിറ്റ് |
| 3. ദേശഭക്തിഗാനം | : | 10 മിനിറ്റ് |

(ഒരു വിദ്യാലയത്തിൽ നിന്ന് ഏറ്റവും മികച്ച ഒരു ഗ്രൂപ്പ് വീതം രണ്ടിനങ്ങളിൽ)

## II. <u>HEARING IMPAIRED (H.I)</u>

1. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളെ ഒരു വിഭാഗമായി കണക്കാക്കി മത്സരങ്ങൾ നടത്തുന്നതാണ്. ഹയർസെക്കൻ്ററി, വൊക്കേ ഷണൽ ഹയർസെ ക്കൻ്ററി എന്നിവ പ്രത്യേ , വിഭാഗമായി കണ ക്കാക്കി മത്സരം നടത്തുന്നതാണ്.
2. ജനറൽ സ്കൂളിൽ പഠിക്കുന്ന ശ്രവണവൈകല്യമുള്ള കുട്ടികൾ (40% മോ തത്തുല്യ db യോ അതിൽ കൂടുതലും കേൾവ ിക്കുറവുണ്ടെങ്കിൽ) സാധ ാരണ സംസ്ഥ ാന സ്കൂൾ കലേ ാത്സവത്തിൽ പങ്കെടുത്തിട്ടില്ല എന്ന ന ിഫിക്കറ്റും മെ ിക്കൽ സർ ിഫിക്കറ്റും ഹ ാരാക്കിയാൽ സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാവുന്നതാണ്.

3. **മത്സരയിനങ്ങൾ**

**A.** **വ്യക്തിഗതം (പൊതുമത്സരം)**

| | | |
|---|---|---|
| 1. | പെയിൻ്റിംഗ് (ജലച്ചായം) | : 2 മണിക്കൂർ |
| 2. | ഡ്രോയിംഗ് (പെൻസിൽ) | : 2 മണിക്കൂർ |
| 3. | കാർട്ടൂൺ | : 2 മണിക്കൂർ |
| 4. | മോണോ ആക്ട് (ആൺ) | : 5 മിനിട്ട് |
| 5. | മോണോ ആക്ട് (പെൺ) | : 5 മിനിട്ട് |
| 6. | പദ്യംചൊല്ലൽ (മലയാളം) (Below 70db) | : 3 മിനിട്ട് |
| 7. | പദ്യംചൊല്ലൽ (മലയാളം) (Above 70db) | : 3 മിനിട്ട് |
| 8. | നാടോടി നൃത്തം | : 5 മിനിട്ട് |

ഒരു സ്കൂളിൽ നിന്ന് ഏതെങ്കിലും ആറിനങ്ങളിൽ ഏറ്റവും മികച്ച ഒരു കുട്ടിക്ക് വീതം പങ്കെടുക്കാം.

**B.** **ഗ്രൂപ്പിനം**

| | | |
|---|---|---|
| 1. | ദേശീയഗാനം | |
| 2. | ചിത്രീകരണം | : 15 മിനിട്ട് |
| 3. | സംഘനൃത്തം | : 10 മിനിട്ട് |
| 4. | ഒപ്പന | : 10 മിനിട്ട് |
| 5. | തിരുവാതിര കളി | : 10 മിനിട്ട് |
| 6. | ബാൻഡ് ഡിസ്‌പ്ലേ | : 20 മിനിട്ട് |
| 7. | മൈം (മൂകാഭിനയം) | : 5 മിനിട്ട് |

ഗ്രൂപ്പിനങ്ങളിൽ നിന്ന് ഏതെങ്കിലും നാലിനങ്ങളിൽ ഒരു ഗ്രൂപ്പ് വീതം പങ്കെടുക്കാം.

# III. MENTALLY CHALLENGED (M.C)

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം എന്ന നിലയിലാണ് പൊതുവിദ്യാഭ്യാസ വകുപ്പ് Mentally Challenged കുട്ടികൾക്കായുള്ള മത്സരം നടത്തുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകാരം/രജിസ്ട്രേഷൻ നൽകിയ വിദ്യാലയങ്ങളിലെ കുട്ടികൾക്കുമാത്രമേ ഇതിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുകയുള്ളൂ.

**നിർദ്ദേശങ്ങൾ**

1. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മത്സരം ഉണ്ടായിരിക്കുന്നതല്ല.
2. വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച/രജിസ്ട്രേഷൻ ലഭിച്ച സ്ഥാപനങ്ങളിലെ കുട്ടികളെ പ്രായപരിധി കണക്കാക്കി 2 വിഭാഗമായി മത്സരം നടത്താവുന്നതാണ്. 12 വയസുവരെ ജൂനിയർ വിഭാഗമായും 12 വയസിന് മുകളിൽ സീനിയർ വിഭാഗമായും കണക്കാക്കാവുന്നതാണ്.
3. പങ്കെടുക്കുന്ന കുട്ടികളുടെ പേര് വിവരം നിർദ്ദിഷ്ട ഫോറത്തിൽ ജനറൽ കൺവീനർ അറിയിക്കുന്ന പ്രകാരം അയച്ചുകൊടുക്കേണ്ടതാണ്.

4. **മത്സരയിനങ്ങൾ**

**I. വ്യക്തിഗതം**

| | | |
|---|---|---|
| 1. ലളിതഗാനം | : | 5 മിനിറ്റ് |
| 2. നാടോടി നൃത്തം | : | 5 മിനിറ്റ് |
| 3. മോഹിനിയാട്ടം | : | 10 മിനിറ്റ് |
| 4. ചിത്രരചന (പെൻസിൽ) | : | 2 മണിക്കൂർ |
| 5. പെയിന്റിംഗ് | : | 2 മണിക്കൂർ |
| 6. ഉപകരണസംഗീതം | : | 10 മിനിറ്റ് |

(ഓരോ ജില്ലയിൽ നിന്നും 6 ഇനങ്ങളിലും ഏറ്റവും മികച്ച 6 വിദ്യാർത്ഥികളെ പങ്കെടുപ്പിക്കും.)

**II. ഗ്രൂപ്പിനം**

| | | |
|---|---|---|
| 1. സംഘഗാനം | : | 10 മിനിറ്റ് |
| 2. സംഘനൃത്തം | : | 10 മിനിറ്റ് |
| 3. ദേശഭക്തിഗാനം | : | 10 മിനിറ്റ് |

(ഒരു ജില്ലയിൽ നിന്നും മൂന്നിനങ്ങളിലും ഓരോ ഗ്രൂപ്പിനെ വീതം പങ്കെടുപ്പിക്കാം)

5. **മത്സരങ്ങളെ സംബന്ധിച്ച പൊതുനിയമങ്ങൾ**

**I. പദ്യം ചൊല്ലൽ**

a. Hearing Impaired ന് ഈ മത്സരം 40 db മുതൽ 69 db വരെ കേൾവിക്കുറവുള്ളവർ, 70 db യിൽ കൂടുതൽ കേൾവിക്കുറവുള്ളവർ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായി നടത്തുന്നതാണ്. (ബന്ധപ്പെട്ട ഓഡിയോഗ്രാം അതാത് ഹെഡ്മാസ്റ്ററുടെ ഒപ്പോടുകൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണം).

b. അമിതമായ സംഗീതത്തിന് സ്ഥാനമില്ല. അഭിനയം പാടില്ല. കവിയെ/കവിതയെപറ്റി ഒന്നോ രണ്ടോ വാക്യം മാത്രം പറയാം.

c. വൃത്തനിബന്ധന ഇല്ല.

**II. പെയിന്റിംഗ്**

a. മത്സരത്തിനാവശ്യമായ പേപ്പർ മാത്രം കലോത്സവ വേദിയിൽ ലഭ്യമാക്കും.

b. തന്നിരിക്കുന്ന വിഷയം ആസ്പദമാക്കി ഭാവനയ്ക്കനുസരിച്ച് പെയിന്റിംഗ് ചെയ്യുന്നതിനാണ് മത്സരം.

**III. ഡ്രോയിംഗ്**

a. മത്സരത്തിനാവശ്യമായ പേപ്പർ മാത്രം കലോത്സവ വേദിയിൽ ലഭ്യമാക്കും.
b. തന്നിരിക്കുന്ന വിഷയം/മാതൃക ആസ്പദമാക്കി വരയ്ക്കുന്നതിനാണ് മത്സരം.

**IV. നാടോടി നൃത്തം (സിംഗിൾ & ഗ്രൂപ്പ്), ഭരതനാട്യം, മോഹിനിയാട്ടം**

a. പിൻപാട്ടും വാദ്യോപകരണങ്ങളും റെക്കാഡു ചെയ്ത് ഉപയോഗിക്കാം.
b. പ്രത്യേക പ്രകാശ ക്രമീകരണങ്ങൾ അനുവദിക്കുന്നതല്ല.
c. മറ്റ് പ്രത്യേക രംഗസജ്ജീകരണങ്ങൾ പാടില്ല.

**V. മോണോ ആക്ട്**

a. ഏകാഭിനയമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.
b. അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ ഒരു കഥാവസ്തുവോ വിവിധ ഭാഗങ്ങളോ അഭിനയിച്ച് കാണിക്കാവുന്നതാണ്.
c. ലളിതമായ വേഷമാറ്റങ്ങൾ അനുവദനീയമാണ്.

**VI. ഒപ്പന**

a. പിൻപാട്ട്, പക്കമേളം എന്നിവ റെക്കാർഡു ചെയ്ത് ഉപയോഗിക്കാം.
b. രംഗസജ്ജീകരണങ്ങൾ നടത്താവുന്നതാണ്.
c. പ്രത്യേക പ്രകാശ ക്രമീകരണങ്ങൾ പാടില്ല.

**VII. തിരുവാതിര**

a. പിൻപാട്ട്, പക്കമേളം എന്നിവ റെക്കാർഡു ചെയ്ത് ഉപയോഗിക്കാം.
b. അനുയോജ്യമായ സജ്ജീകരണങ്ങൾ 3 മിനിട്ടിനുള്ളിൽ നടത്താവുന്നതാണ്.
c. പ്രത്യേക പ്രകാശ ക്രമീകരണങ്ങൾ പാടില്ല.

**VIII. ചിത്രീകരണം**

a. അനൗൺസ്മെന്റ് കർട്ടൺ ഉയരുന്നതിനു മുമ്പായി നടത്തണം.
b. ചിത്രീകരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരാശയത്തിന്റേയോ, കഥാവസ്തുവിന്റെയോ, അഭിനയപ്രകടനമാണ്.
c. ഏകാങ്കമോ, വിവിധ ഭാഗങ്ങൾ ഉൾപ്പെടുന്നതോ ആകാം.

d. പ്രത്യേക പ്രകാശം, ശബ്ദ ക്രമീകരണങ്ങൾ നടത്താവുന്നതാണ്.

e. 5 മിനിട്ടുനുള്ളിൽ രംഗസജ്ജീകരണം നടത്തണം. എന്നാൽ ഇതിനിടയിൽ വരുന്ന സജ്ജീകരണങ്ങൾ ചിത്രീകരണ സമയമായി കണക്കാക്കാവുന്നതാണ്.(Best Actor-നെ തെരഞ്ഞെടുക്കുന്നതാണ്)

## IX. പ്രസംഗം

പ്രസംഗ മത്സരത്തിനുള്ള വിഷയം മത്സരത്തിന് മുമ്പ് വിധികർത്താക്കൾ നിശ്ചയിക്കുന്നതാണ്

## X. സംഘഗാനം

a. വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നെങ്കിൽ അത് വായിക്കുന്നത് മത്സരത്തിൽ പങ്കെടുക്കുന്നവർ തന്നെയാകണം.

b. ഉപകരണങ്ങൾ വിദഗ്ധരുടെ പരിശോധനയ്ക്ക് ആവശ്യമെങ്കിൽ വിധേയമാക്കേണ്ടതാണ്.

c. ഏത് ഇന്ത്യൻ ഭാഷയിലുള്ള ഗാനങ്ങളും മത്സരത്തിന് ഉപയോഗിക്കാം.

## XI. ദേശഭക്തിഗാനം

a. ശ്രുതി ഉപയോഗിക്കാവുന്നതാണ്.

b. ദേശിയോദ്ഗ്രഥന സന്ദേശം ഉൾക്കൊള്ളുന്ന ഏത് ഇന്ത്യൻ ഭാഷാ ഗാനങ്ങളും പാടാം.

## XII. കഥാപ്രസംഗം

a. ഹാർമോണിയം, ശ്രുതിപ്പെട്ടി, തബല, മൃദംഗം എന്നിവ പശ്ചാത്തലത്തിൽ ഉപയോഗിക്കാം. ഉപകരണങ്ങൾ കുട്ടികൾ തന്നെ വായിക്കണം.

## XIII. ശാസ്ത്രീയ സംഗീതം

a. ഇഷ്ടമുള്ള രാഗം പാടാവുന്നതാണ്. ശ്രുതിയോടുകൂടി പാടണം.

## XIV. കഥാകഥനം

a. ലളിതമായ അഭിനയ പ്രകടനങ്ങളാവാം.

b. കഥ സാമൂഹിക പ്രസക്തി ഉള്ള സന്ദേശം ഉൾക്കൊള്ളുന്നതാവണം.

c. മന:പാഠം

d. ഉച്ചാരണം

e. കഥാവസ്തു

f. അവതരണം

## XV. മിമിക്രി

a. ശുദ്ധമായ ശബ്ദാനുകരണം തന്മയത്വത്തോടുകൂടി അവതരിപ്പിക്കുന്നതിനാണ് മത്സരം. ആക്ഷേപങ്ങളും അപഹാസ്യകരമായ പരാമർശങ്ങളും പാടില്ല.

b. ഉപകരണങ്ങളുടെ അകമ്പടി അനുവദനീയമല്ല

## XVI. ബാൻഡ് ഡിസ്പ്ലേ

a. യൂണിഫോം ഉണ്ടായിരിക്കണം.

b. മികച്ച ഡ്രിൽ സ്റ്റെപ്പോടുകൂടി വിവിധ ഫോർമേഷനുകൾ അവതരിപ്പിക്കാം.

## XVII. ലളിതഗാനം

a. ലളിതഗാന ശാഖയിൽപെട്ട ഏത് മലയാളഗാനവും പാടാം

b. ശ്രുതി പാടില്ല.

## XVIII. കഥാരചന

a. രചനയ്ക്ക് ആവശ്യമായ പേപ്പർ സംഘാടകർ നൽകുന്നതാണ്.

b. മത്സരത്തിന്റെ പ്രമേയം വിധികർത്താക്കൾ നൽകുന്നതായിരിക്കും.

## XIX. മാപ്പിളപ്പാട്ട്

a. സിനിമാഗാനങ്ങൾ ഉൾപ്പെടുത്താൻ പാടില്ല

b. സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

c. വേഷവിധാനത്തിന് പ്രാധാന്യമില്ല

. d. സാഹിത്യം

e. മാപ്പിളതനിമ

f. താളം

g. ശ്രുതിലയം

## XX. ദേശീയഗാനം

a. മത്സരത്തിൽ കുറഞ്ഞത് 5 പേർ മുതൽ പരമാവധി 7 പേർ വരെ പങ്കെടുക്കാം.

b. മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരും എണ്ണവും സ്റ്റേജ് മാനേജരെ ഏൽപിക്കണം.

c. വേഷവിധാനങ്ങൾക്ക് പ്രാധാന്യം ഇല്ല.

## XXI. മൈം – മൂകാഭിനയം

a. മത്സരത്തിൽ കുറഞ്ഞത് അഞ്ച് പേർ മുതൽ പരമാവധി ഏഴ് പേർ വരെ പങ്കെടുക്കാവുന്ന താണ്.

b. അനൗൺസ്മെന്റ് കർട്ടൻ ഉയരുന്നതിന് മുമ്പായി നടത്തണം

c. ഒരാശയത്തിന്റേയോ, കഥാവസ്തുവിന്റേയോ മൂകാഭിനയമാണ് ഉദ്ദേശിക്കുന്നത്. ശാരീരിക -അംഗ ചലനങ്ങളിലൂടെയും മുഖഭാവത്തിലൂടേയും പൂർണ്ണമായ ആശയം സർഗാത്മകമായി പ്രേക്ഷകരിൽ എത്തിക്കാൻ കഴിയണം.

d. ശബ്ദ ക്രമീകരണത്തിന് അമിതമായ പ്രാധാന്യം നൽകാൻ പാടില്ല. റെക്കാർഡ് ചെയ്ത അനുയോജ്യമായ ശബ്ദക്രമീകരണം മാത്രം ഉപയോഗിക്കുക.

e. പ്രത്യേക രംഗ സജ്ജീകരണങ്ങൾ പാടില്ല.

## XXII. സംഘനൃത്തം

a. പിൻപാട്ടും വാദ്യോപകരണങ്ങളും റെക്കോർഡ് ചെയ്ത് ഉപയോഗിക്കാം.

b. പ്രത്യേക പ്രകാശ ക്രമീകരണങ്ങൾ പാടില്ല.

c. പ്രത്യേക രംഗ സജ്ജീകരണങ്ങൾ പാടില്ല.

## അംഗീകൃത മൂല്യ നിർണ്ണയോപാധികൾ

**1. പദ്യം ചൊല്ലൽ**

a. മനഃപാഠം
b. അക്ഷരസ്പുടത
c. മിതമായ ഭാവപ്രകടനം ഇവയുടെ ഗ്രഹണം
d. അർത്ഥം ആശയം

**2. നാടോടി നൃത്തം**

a. വേഷത്തിന്റെ അനുയോജ്യത
b. താളം
c. ഭാവപ്രകടനം
d. അംഗചലനങ്ങൾ
e. ചുവടുവയ്പ്
f. അവതരണം

**3. സംഘനൃത്തം**

a. നർത്തകർ തമ്മിലുള്ള യോജിപ്പ്
b. വേഷവിധാനവും യോജിപ്പും
c. ചലനം
d. താളം
e. അവതരണം

**4. ഭരതനാട്യം, മോഹിനിയാട്ടം**

a. ആകാര സുഷമ
b. വേഷം
c. ഭാവപ്രകടനം
d. താളം
e. മുദ്ര
f. ചുവടുവയ്പ്

**5. ഉപകരണ സംഗീതം**

a. നാദം
b. രാഗഭാവം
c. താളം
d. മനോധർമ്മം
e. ശ്രുതിലയം

**6. ശാസ്ത്രീയ സംഗീതം**

a. ശാരീരം
b. ശ്രുതിലയം
c. ജ്ഞാനഭാവം
d. സാഹിത്യം
e. താളം
f. മനോധർമ്മം

ശാസ്ത്രീയ സംഗീതം ശ്രുതിയോടു കൂടി പാടണം

**7. ചിത്രീകരണം**

a. കഥാവസ്തു
b. അവതരണം
c. വേഷം
d. അഭിനയം
e. രംഗസജ്ജീകരണം

**8. തിരുവാതിര**

a. വേഷത്തിന്റെ അനുയോജ്യത
b. ചലനം
c. താളം
d. ചുവട്
e. നർത്തകർ തമ്മിലുള്ള യോജിപ്പ്

**9. ഒപ്പന**

a. വേഷഭംഗിയും സൂക്ഷ്മതയും
b. ഭാവപ്രകടനം
c. താളം
d. നർത്തകർ തമ്മിലുള്ള യോജിപ്പ്

**10. മോണോ ആക്ട്**

a. കഥാവസ്തു
b. അഭിനയം
c. തന്മയത്വം
d. അവതരണം

**11. പ്രസംഗം**

a. സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ്
b. അക്ഷരസ്പുടത
c. ഭാഷാശുദ്ധി
d. ആശയസ്പുടത
e. ധാരാവാഹിത്വം
f. സന്ദർഭോജിതമായ ശബ്ദനിയന്ത്രണം

**12. കഥാപ്രസംഗം**

a. ഉച്ചാരണശുദ്ധി
b. ഭാഷാശുദ്ധി
c. ആശയാവിഷ്കരണം
d. ഭാവപ്രകടനം

**13. ലളിതഗാനം**

a. ശാരീരം
b. ശ്രുതിലയം
c. ജ്ഞാനഭാവം
d. താളം
e. സാഹിത്യശുദ്ധി

**14. മിമിക്രി**

a. വിഷയത്തോടുള്ള നീതിപുലർത്തൽ
b. അനുകരണ സാമർത്ഥ്യം
c. അഭിനയം
d. തന്മയത്വം

**15. സംഘഗാനം**

a. ശ്രുതി
b. താളം
c. വിവിധഗായകരും വാദ്യങ്ങളും തമ്മിലുള്ള യോജിപ്പ്
d. സാഹിത്യം

**16. ദേശഭക്തിഗാനം**

a. ശ്രുതി
b. താളം
c. ഗായകർ തമ്മിലുള്ള യോജിപ്പ്
d. ദേശീയോദ്ഗ്രഥന സന്ദേശം

**17. ബാൻഡ് ഡിസ്പ്ലേ**

a. അംഗങ്ങൽ തമ്മിലുള്ള യോജിപ്പ്
b. താളം
c. ഫോർമേഷൻ
d. യൂണിഫോം

18. കാർട്ടൂൺ

a. തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം b. രചനാശൈലി

c. ആക്ഷേപഹാസ്യ സാമൂഹ്യ വിമർശനം

d. സംവിധാനം (Composition) e. നർമ്മബോധം

19. ചിത്രരചന - പെൻസിൽ

a. തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം b. സംവിധാനം (Composition)

c. പ്രയോഗസാമർത്ഥ്യം

d. രേഖകളുടേയും ഇരുൾ വെളിച്ചങ്ങളുടേയും സവിശേഷത

e. പൂർണ്ണത

20. ചിത്രരചന - ജലഛായം

a. തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം b. സംവിധാനം (Composition)

c. ജലഛായത്തിന്റെ പ്രയോഗത്തിലുള്ള മികവ്

d. ശൈലി f. പൂർണ്ണത

<u>ഗ്രൂപ്പിനങ്ങളിൽ പരമാവധി പങ്കെടുക്കാവുന്നവരുടെ എണ്ണം</u>

| | | |
|---|---|---|
| തിരുവാതിര | : | 8 |
| സംഘനൃത്തം | : | 7 |
| ചിത്രീകരണം | : | 10 |
| ഒപ്പന | : | 10 |
| സംഘഗാനം | : | 7 |
| ബാൻഡ് ഡിസ്പ്ലേ | : | 20 |
| മൈം (മൂകാഭിനയം) | : | 7 |
| ദേശീയഗാനം | : | 7 |

## <u>ഓവറോൾ ചാമ്പ്യൻഷിപ്പ്</u>

**Visually Impaired/Hearing Impaired** വിഭാഗങ്ങളിൽ മികച്ച വിദ്യാലയങ്ങളെ കണ്ടെത്തി ഓവറോൾ ചാമ്പ്യൻഷിപ്പ് നൽകേണ്ടതാണ്. (Visually Impaired/Hearing Impaired വിഭാഗങ്ങൾ സ്കൂൾതല മത്സരത്തിൽ നിന്നും നേരിട്ടാണ് സംസ്ഥാനതലത്തിൽ മത്സരിക്കുന്നത്).

**Mentally Challenged** വിഭാഗങ്ങൾക്ക് ജില്ലാ & സ്ഥാനത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നൽകേണ്ടതാണ്. (**Mentally Challenged** വിഭാഗങ്ങൾ ജില്ലാതലത്തിലുള്ള സ്ക്രീനിംഗ് കഴിഞ്ഞതിന് ശേഷമാണ് സംസ്ഥാനതലത്തിൽ മത്സരിക്കുന്നത്).

## <u>ചാമ്പ്യൻഷിപ്പ് കണക്കാക്കുന്ന വിധം</u>

1. ഓരോ വിഭാ ത്തിനും ല ിക്കുന്ന ആകെ ഗ്രേഡ് പോയിന്റ് ിഗണിച്ച് ഓ റോൾ ചാമ്പ്യൻഷിപ്പ് നിർണ്ണയിക്കേണ്ടതാണ്.

2. തുല്യത വന്നാൽ താഴെ പറയും പ്രകാരം പ്ലേയ്സ് പോയിന്റ് കൂടി പരിഗണിക്കേണ്ടതാണ്.

| പ്ലേയ്സ് പോയിന്റ് | |
|---|---|
| ഒന്നാം സ്ഥാനം | 5 പോയിന്റ് |
| രണ്ടാം സ്ഥാനം | 3 പോയിന്റ് |
| മൂന്നാം സ്ഥാനം | 1 പോയിന്റ് |

3. വീണ്ടും തുല്യത വന്നാൽ ഒന്നാം സ്ഥാനത്തിന്റെ എണ്ണം പരിഗണിക്കണം.

അനുബന്ധം 1

കലോത്സവ നടത്തിപ്പിനാവശ്യമായ ഫോറങ്ങളുടെ മാതൃകകൾ, (മറ്റു ഫോറങ്ങൾ ബന്ധപ്പെട്ട കമ്മിറ്റികൾ നിർമ്മിക്കേണ്ടതാണ്)

ഫോറം 1

## Entry Form

ജില്ലയുടെ/വിദ്യാലയത്തിന്റെ പേര്:

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ (ഓഫീസ് ഉപയോഗം) | പേര് (ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ) | സ്റ്റാൻഡേർഡ് | **Boy/Girl** | **Individual Items (1)** | | | | | **Group Items (1)** | | | | | **Remarks** |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | | |

Total No. of participants ……………. Boys ………….. Girls……………….

1. അതാത് വിഭാഗത്തിലുള്ള വ്യക്തിഗത, ഗ്രൂപ്പ് ഇനങ്ങളുടെ കോഡ് ചേർക്കുക
2. അതാത് വിഭാഗത്തിലുള്ള ഇനങ്ങൾ മറുപുറത്ത് ചേർക്കുക
3. ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണ്.

Name of Team Manager

Name & Designation of Escorting Teacher

ഫോറം 2

**സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ സമ്മാനാർഹരായവരുടെ പട്ടിക**

വിഭാഗം: ഇനം:

| ക്രമനമ്പർ | | വിദ്യാർത്ഥിയുടെ പേര് | ആൺകുട്ടി/ പെൺകുട്ടി | ഗ്രേഡ് | പോയിന്റ് | വിദ്യാലയത്തിന്റെ പേര് | റവന്യു ജില്ല **(Mentally Challenged)** | **Remarks** |
|---|---|---|---|---|---|---|---|---|
| | Top Scorer<br>1<br>2<br>3 | | | | | | | |
| | Grade only<br>1<br>2<br>3<br>4 | | | | | | | |

ഫോറം 3

ട്രോഫി രജിസ്റ്റർ

# Visually Impaired/Hearing Impaired/Mentally Challenged

| ക്രമനമ്പർ | ഇനം | സ്ഥാനം | വിജയിച്ച വിദ്യാലയത്തിന്റെ പേര് | വിദ്യാഭ്യാസ ജില്ല | ട്രോഫി/ഷീൽഡ് | ഇത് സംഭാവന ചെയ്ത ആളിന്റെ/സ്ഥാപനത്തിന്റെ പേര് | Remarks |
|---|---|---|---|---|---|---|---|
| | | | | | | | |

ഫോറം 4

സ്കോർ ഷീറ്റ്

വിഭാഗം : **Visually Impaired/Hearing Impaired/Mentally Challenged**

ഇനം : സമയം: മിനിറ്റ്/മണിക്കൂർ

| കോഡ് | മൂല്യനിർണ്ണയോപാധി | | | | | ആകെ മാർക്ക് | അക്ഷരത്തിൽ | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | | | |
| | | | | | | | | |

ഫോറം 5

കൺസോളിഡേറ്റഡ് സ്കോർ ഷീറ്റ്

**Visually Impaired/Hearing Impaired/Mentally Challenged**

| Reg.No | Code No. | Marks Secured | | | | Percentage | Grade | Remarks |
|---|---|---|---|---|---|---|---|---|
| | | I | II | III | Total | | | |
| | | | | | | | | |

**Tabulated by :** **Checked by :**

ഫോറം 6

# Identification Certificate

**Visually Impaired/Hearing Impaired/Mentally Challenged**

1. **Name of Participants** :
2. **Name of School** :
3. **Age & Date of Birth** :
4. **Revenue District** :
5. **Ednl. Dist.** :
6. **Participating Item** :
7. **Identification Marks** :
8. **Signature of Participant** :
9. **Photograph of Participant (Counter signed by Head Master/ Principal)** :
10. **School Seal** :

ഫോറം 7

## കേരള സ്പെഷ്യൽ സ്കൂൾ കലോത്സവം
## അപ്പീൽ സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫാറം

1. കുട്ടികളുടെ പേര്, വിഭാഗം (V.I/H.I/M.C) :
2. സ്കൂളിന്റെ പേര് :
3. റവന്യൂ ജില്ലയുടെ പേര് :
4. വിദ്യാഭ്യാസ ജില്ലയുടെ പേര് :
5. പങ്കെടുത്ത ഇനം :
6. വേദിയുടെ പേരും നമ്പരും :
7. രജിസ്റ്റർ നമ്പർ :
8. കോഡ് നമ്പർ :
9. മത്സരത്തിൽ ലഭിച്ച സ്ഥാനം :
10. മത്സരം നടന്ന തീയതിയും സമയവും :
11. വിധി പ്രഖ്യാപനം നടത്തിയ തീയതിയും സമയവും :
12. അപ്പീൽ സമർപ്പിക്കാനുണ്ടായ കാരണം :
13. മത്സരാർത്ഥിയുടെ ഒപ്പ് :
14. ടീം മാനേജരുടെ ഒപ്പ് :
15. അപ്പീൽ സമർപ്പിക്കുന്ന തീയതിയും സമയവും :

### ആഫീസ് ഉപയോഗത്തിന്

1. അപ്പീൽ നമ്പർ :
2. അപ്പീൽ ഫീസിന്റെ രസീത് നമ്പറും തീയതിയും :
3. അപ്പീൽ കേൾക്കുന്നതിനുള്ള സമയം :
4. റിമാർക്സ്

ഒപ്പ്
ചെയർമാൻ അപ്പീൽ കമ്മിറ്റി

ഫോറം 8

**കേരള സ്പെഷ്യൽ സ്കൂൾ കലോത്സവം**
**അപ്പീൽ തീർപ്പാക്കികൊണ്ടുള്ള നടപടി ഉത്തരവ്**

വിഷയം :

സൂചന :

ഉത്തരവ് നം. ............................... തീയതി ................. .

മത്സരാർത്ഥിയുടെ പരാതിയുടെ വിശദാംശം

കാര്യകാരണ വിശകലന റിപ്പോർട്ട്

അപ്പീലിന്മേലുള്ള തീരുമാനം

ഒപ്പ്
ചെയർമാൻ, അപ്പീൽ കമ്മിറ്റി

മത്സരാർത്ഥിയുടെ പേരും അഡ്രസ്സും